<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*74</u> <u>20.03.2013-ൽ മറുപടിക്ക്.</u>

<u>ബാലവേല നിരോധനം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ ബാലവേലയ്ക്കായി കൊണ്ടുവരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) അന്യസംസ്ഥാന കുട്ടികളെ കേരളത്തിലേക്ക് കടത്താൻ ഇടയാക്കുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കുടുംബങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ, കുട്ടികളുടെ ജീവിത സാഹചര്യങ്ങൾ, മാതാപിതാക്കളുടെ ജീവിതക്രമം എന്നിവ അന്യസംസ്ഥാന കുട്ടികളെ കേരളത്തിലേക്ക് കടത്താൻ ഇടയാക്കുന്നതായി മനസ്സിലാക്കുന്നു. |
| (സി) മലയോര മേഖലയിൽ നിന്നുള്ള പെൺകുട്ടികളെ അടിമപ്പണിയ്ക്കായി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) ഇത്തരം പ്രവണതകൾ ഇപ്പോഴും തുടരുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ പരിശോധിക്കുകയും, പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇത്തരത്തിലുള്ള പ്രവണതകൾ ഉണ്ടാകാതിരിക്കാൻ പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ മലയോര പ്രദേശങ്ങളിൽ ട്രൈബൽ ഡെവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ്, ജില്ലാ ഭരണകൂടം എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ആഫീസർ.